പതിമൂന്നാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ. 250

02.04.2013ൽ
മറുപടിക്ക്

# പൊതുമേഖലയിലെ മണൽ വിൽപന

ചോദ്യം
ശ്രീ.സി.കൃഷ്ണൻ :
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.സാജു പോൾ
ശ്രീ.എം.ചന്ദ്രൻ

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണലെടുപ്പും വിപണനവും പൊതുമേഖലയിലാക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സ്വകാര്യ വ്യക്തികൾക്ക് മണലെടുക്കുന്നതിന് അനുമതി നൽകുന്നതാണ് രംഗത്തെ മാഫിയാവൽക്കരണത്തിന് കാരണമാകുന്നതെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) അനധികൃത മണലൂറ്റ് പാരിസ്ഥിതിക സംതുലിതാവസ്ഥയെ തകിടം മറിക്കുന്ന രൂപത്തിലേക്ക് അതിഭയാനകമായി മാറ്റിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(എ) റവന്യു വകുപ്പിന്റെ ചുമതലയിൽ പായ്ക്കറ്റുകളിലാക്കി മണൽ വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

(ബി) & (സി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടി സർക്കാർ ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആക്ടിന്റെ 29-ാം വകുപ്പ് പ്രകാരം നദിക്ക് നാശം വരുത്താതെ മണൽ വാരുന്നതിന് മണൽ ഓഡിറ്റിംഗ് നടത്തണമെന്നും അനുശാസിക്കുന്നു. പ്രസ്തുത മണൽ ഓഡിറ്റിംഗ് നടത്തുന്നതിന് സർക്കാരിന്റെ അംഗീകൃത ഏജൻസികളായ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്നീ ഏജൻസികളെയും സർക്കാർ നിശ്ചയിക്കുന്ന മറ്റ് ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 20 നദികളിലെ സാന്റ് ഓഡിറ്റിംഗ്

| | | | |
|---|---|---|---|
| | | | പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. 2001 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിനുള്ള 2013 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി ) ആക്ട്, അനധികൃത മണലൂറ്റ്, അനധികൃത മണലൂറ്റ് മൂലമുണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥ ഇവ തടയുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നു. |
| (ഡി) | മണൽ മാഫിയക്ക് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥ പോലീസ് വൃന്ദത്തെ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ലോറികൾ നദികളിലേക്ക് ഇറക്കി മണലെടുക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ | (ഇ ) | തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയിൽ വാഹനം ഇറക്കി മണൽ കയറ്റുന്നത് തടയുന്നതിനായി 17-12-12 -ൽ ഗ്രാമ പഞ്ചായത്തുകൾക്ക്, നിർദ്ദേശം നൽകുകയും ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് റവന്യൂ, പോലീസ്, പഞ്ചായത്ത് അധികാരികൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| എഫ്) | അനധികൃത മണലൂറ്റ് കുടിവെള്ള ലഭ്യതയെപ്പോലും രൂക്ഷമായി ബാധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇത് തടയുന്നതിനും മണലെടുപ്പും വിപണനവും പൊതു മേഖലയിൽ കൊണ്ടുവരുന്നതിനും അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ | (എഫ്) | അനധികൃത മണലെടുപ്പ് തടയുക എന്ന ലക്ഷ്യത്തോടെയാണ് 07-03-2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്ട് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. മറ്റ് കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ